(എ) ഇന്ത്യയിലെ ഗ്രാമീണ മേഖലകളിൽ ഗർഭാശയവും അണ്ഡാശയവും അനാവശ്യമായി നീക്കംചെയ്യുന്ന പ്രവണത വർദ്ധിച്ചുവരുന്നതായി നാഷണൽ ഫാമിലി ആന്റ് ഹെൽത്ത് സർവ്വേയിൽ വ്യക്തമാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസവത്തിനുശേഷം ഗർഭപാത്രം നീക്കംചെയ്യുന്ന ഹിസ്റ്റരെക്ടമിക് ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന സ്ത്രീകളുടെ എണ്ണം കേരളത്തിൽ എത്രയാണ് ; ഇതു സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഏതെങ്കിലും തരത്തിലുള്ള പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) 2011-നു ശേഷം ഫാമിലി ആന്റ് ഹെൽത്ത് സർവ്വേ റിപ്പോർട്ടുകൾ ഒന്നും തന്നെ പ്രസിദ്ധീകരിച്ചിട്ടില്ല. അതുകൊണ്ട് ഗർഭാശയവും അണ്ഡാശയവും അനാവശ്യമായി നീക്കംചെയ്യുന്നത് സംബന്ധിച്ച് പുതിയ റിപ്പോർട്ടുകൾ ഒന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇതു സംബന്ധമായ കണക്കുകൾ ആരോഗ്യവകുപ്പ് ശേഖരിക്കുകയോ പ്രത്യേക പഠനങ്ങൾ നടത്തുകയോ ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച പഠനം നടത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

അന്യസംസ്ഥാന തൊഴിലാളികൾക്ക് മെഡിക്കൽ പരിശോധന വൈറ്റമിൻ എ വിതരണം

62 (2271) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാനത്തുനിന്ന് കേരളത്തിലേക്ക് എത്തുന്ന തൊഴിലാളികൾ പലതരത്തിലുള്ള മാരകമായ രോഗങ്ങൾ പരത്തുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിനെതിരെ സ്വീകരിക്കാൻ പോകുന്ന നടപടികളെന്തെന്ന് വ്യക്തമാക്കാമോ ;

(ബി) അന്യസംസ്ഥാനത്തുനിന്ന് എത്തുന്ന തൊഴിലാളികളെ മെഡിക്കൽ പരിശോധന നടത്തി പല വിധത്തിലുള്ള അസുഖങ്ങളുണ്ടോ എന്ന് അറിയുന്നതിന് എന്തെങ്കിലും സംവിധാനം നടപ്പാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിന്റെ ഗൗരവം മനസ്സിലാക്കി പ്രസ്തുത തൊഴിലാളികളെ മെഡിക്കൽ പരിശോധനയ്ക്ക് വിധേയമാക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളിൽ മന്ത്, മലമ്പനി, കുഷ്ഠം തുടങ്ങിയ രോഗങ്ങൾ തദ്ദേശീയരെ അപേക്ഷിച്ച് കൂടുതൽ ആയി കാണുന്നു. ഇവരെ കണ്ടെത്തി ചികിത്സിക്കുന്നതിനും രോഗപ്പകർച്ച തടയുന്നതിനും പ്രത്യേക ക്യാമ്പുകൾ സംഘടിപ്പിച്ചുവരുന്നു. കൂടാതെ ഇവരുടെ രക്തപരിശോധനയും നടത്തിവരുന്നു. രോഗികളായി കണ്ടെത്തുന്നവർക്ക് ചികിത്സ നൽകുന്നു. ഇവരുടെ താമസസ്ഥലങ്ങളിൽ അടിസ്ഥാന ശുചിത്വ സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനായി പരിശോധനകളും സംഘടിപ്പിക്കുന്നു. ക്യാമ്പിന്റെ തുടർച്ചയായ നടത്തിപ്പിനുവേണ്ടി ആരോഗ്യവകുപ്പിന്റെ ഒരു സ്പെഷ്യൽ പ്രോഗ്രാമായ 'ജാഗ്രത' യുണ്ട്. ജില്ലാ തലങ്ങളിൽ ഡിസ്ട്രിക്ട് മൈഗ്രന്റ് ലേബർ ഹെൽത്ത് സെൽ ഉണ്ട്. ഇത് ജില്ലാ മെഡിക്കൽ ഓഫീസറുടെകീഴിൽ നടത്തിവരുന്നു.

(ബി) അന്യസംസ്ഥാനത്തുനിന്ന് എത്തുന്ന തൊഴിലാളികളെ മെഡിക്കൽ പരിശോധന നടത്തി പല വിധത്തിലുള്ള അസുഖങ്ങളുണ്ടോയെന്ന് അറിയുന്നതിന് താമസസ്ഥലങ്ങളും ജോലി സ്ഥലങ്ങളും പരിശോധിക്കുകയും ജീവനക്കാരെ സ്ക്രീനിംഗിനു വിധേയമാക്കുകയും രോഗം സ്ഥിരീകരിക്കുന്നവർക്ക് ചികിൽസ ഉറപ്പാക്കുകയും ചെയ്യുന്നു. എല്ലാ ജില്ലകളിലും ഡിസ്ട്രിക്ട് വെക്ടർ കൺട്രോൾ യൂണിറ്റും ഡിസ്ട്രിക്ട് മലേറിയ ആഫീസറുടെ നേതൃത്വത്തിൽ പി.എച്ച്.സി./ സി.എച്ച്.സി.കളിലെ ആരോഗ്യ പ്രവർത്തകരും ഈ പരിശോധനകൾ നടത്തി വരുന്നു. ജൂൺ 28, ജൂലൈ 5, 12 എന്നീ തീയതികളിൽ എല്ലാ അന്യദേശതൊഴിലാളി ക്യാമ്പുകളും സന്ദർശിച്ച് അവരുടെ രക്ത പരിശോധന ഉൾപ്പെടെയുള്ള പരിശോധനകൾ നടത്താൻ 14 ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അതുവഴി അവരുടെ ആരോഗ്യപ്രശ്നങ്ങൾ മനസ്സിലാക്കാൻ കഴിയും.

വിഷലിപ്തമായ ഭക്ഷ്യോൽപ്പന്നങ്ങളുടെ വിപണനം

63 (2272) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിപണനം നടത്തുന്ന ഭക്ഷ്യോൽപ്പന്നങ്ങളിൽ പലതും വിഷലിപ്തമായ പല വസ്തുക്കളും ചേർത്തവയാണ് എന്നത് പരിശോധിച്ച് കണ്ടെത്തി അവയുടെ വിപണനം തടയുവാൻ എന്തുനടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ 2015-16 കാലയളവിൽ സംസ്ഥാനത്തുള്ള എന്തെല്ലാം ഭക്ഷ്യോൽപ്പന്നങ്ങൾ മറ്റുസംസ്ഥാനത്തുനിന്നും വിപണനത്തിനായി സംസ്ഥാനത്തെ